## പമ്പാനദി വ്യൂ ടവർ നിർമ്മാണം

48 (273) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുളയിൽ പമ്പാനദിയുടെ ജലവ്യതിയാനത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിന് 'വ്യൂ ടവർ' നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതിലേക്കായി എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്ര ;

(സി) വ്യൂ ടവർ നിർമ്മാണത്തിന് 2001-2002-ലെ ബഡ്ജറ്റിൽ ആവശ്യമായ തുക വകകൊള്ളിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി) എടുത്തിട്ടുണ്ട്. 22.40 ലക്ഷം രൂപ.

(സി) സ്വീകരിച്ചുവരുന്നു.

## കിളിമാനൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി

49 (274) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയിട്ടുള്ളതും കമ്മീഷൻ ചെയ്തിട്ടുള്ളതുമായ ജലസേചന പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ബി) ഇതിലേയ്ക്കുവേണ്ടി മൊത്തം ചെലവായിട്ടുള്ള തുകയെത്ര എന്ന് വ്യക്തമാക്കാമോ ;

(സി) കിളിമാനൂർ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി അപൂർണ്ണമായി കിടക്കുന്ന ജലസേചന പദ്ധതികളുടെയും കുടിവെള്ള പദ്ധതികളുടെയും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(ഡി) ഇവയിൽ ഓരോ പദ്ധതിക്കും വേണ്ടി ഇതേ കാലയളവിൽ ചെലവാക്കിയിട്ടുള്ള തുക എത്ര വീതമാണെന്ന് വിശദമാക്കാമോ ;

(ഇ) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടിവെള്ള പദ്ധതിയായി ഇടവനക്കോണം ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്തു. കക്കാട് വലിയകുന്ന് ശുദ്ധജലവിതരണ പദ്ധതി പണി ആരംഭഘട്ടത്തിലാണ്. ജലസേചനത്തിന്റെ ഭാഗമായി പുളിമാത്ത് പഞ്ചായത്തിലെ കൊടുവനൂർ, ഏലാതോടിന്റെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്.

(ബി) ഇടവനക്കോണം പദ്ധതിക്ക് 20.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കക്കാട് വലിയകുന്ന് പദ്ധതി ആരംഭഘട്ടത്തിലാണ്. ജലസേചനജോലിക്കായി 11,96,000 രൂപ ചെലവായി.

(സി) കിളിമാനൂർ സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ പണി നടന്നുവരുന്നു. പഴയകുന്നിൻമേൽ, കിളിമാനൂർ, മടവൂർ എന്നീ വില്ലേജുകളിലെ ജനങ്ങൾക്ക് പൂർണ്ണമായും ശുദ്ധജലവിതരണം സാദ്ധ്യമാകുന്ന സമഗ്ര സംയോജിത ശുദ്ധജലവിതരണ പദ്ധതിയാണിത്. ഈ പദ്ധതിയുടെ മതിപ്പ് ചെലവ് 322 ലക്ഷം രൂപയായി കണക്കാക്കിയിരിക്കുന്നു. പഞ്ചായത്തുകളാണ് ഇതിനാവശ്യമായ സ്ഥലം നൽകുന്നത്. സ്ഥലം ലഭ്യമാകാൻ വന്ന കാലതാമസമാണ് പദ്ധതി ആരംഭിക്കുവാൻ കാലതാമസം നേരിട്ടത്. ഇപ്പോൾ ഈ പദ്ധതി എൻജിനീയറിംഗ്, പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ് (ഇ.പി.സി.എം) എന്ന ആധുനിക രീതിയിലുള്ള കോൺട്രാക്ട് സമ്പ്രദായം മുഖേന നടപ്പിലാക്കുവാൻ വേണ്ടി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ഈ നിയോജകമണ്ഡലത്തിൽ അംപൂർണ്ണമായി കിടക്കുന്ന ജലസേചന പദ്ധതികൾ ഒന്നുംതന്നെയില്ല.

(ഡി) സമഗ്ര സംയോജിത ശുദ്ധജലവിതരണ പദ്ധതിക്ക് 127.5 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഇ) 2003-ൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ജലസേചനവകുപ്പിൽനിന്നും പഞ്ചായത്ത് വകുപ്പിലേക്കുള്ള പുനർവിന്യാസം**

**50 (275)** ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പിൽനിന്നും പഞ്ചായത്ത് വകുപ്പിലേക്കുള്ള പുനർവിന്യാസത്തിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി ; പുനർവിന്യാസം എന്നുമുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) വിവിധ തസ്തികകളിൽപ്പെട്ട എത്ര ജീവനക്കാരെയാണ് ഇറിഗേഷൻ വകുപ്പിൽ നിന്നും പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിക്കുന്നത് ;

(സി) ജലസേചനവകുപ്പിലുള്ള ജീവനക്കാരെ പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്

LIBRARY ARCHIVES Kerala Legislative Assembly